THE KERALA STATE FINANCIAL ENTERPRISES LIMITED
(A Government of Kerala Undertaking)
Bhadratha, Museum Road, P.B. No.510, Thrissur - 680 020, Kerala, India
Ph: +91 487 2332255, Fax: +91 487 2336232, www.ksfe.com

നമ്പർ : 2312/4312 തിയതി: 08.07.2021

**സർക്കുലർ നമ്പർ : 64/2021 (P&HR)**

വിഷയം : സർക്കാരിന്റെ പുതുക്കിയ കോവിഡ് ജാഗ്രതാനിർദ്ദേശങ്ങൾക്കനുസരിച്ച് കെ.എസ്.എഫ്.ഇ യുടെ പ്രവർത്തനം പുന:ക്രമീകരിക്കുന്നതു സംബന്ധിച്ച്

സൂചന : 1. G.O(Rt) No.500/2021/DMD dt 06/07/2021

2. 23/06/2021 തീയ്യതിയിലെ സർക്കുലർ നമ്പർ 56/2021

......

മേൽ സൂചനയിൽ പറയുന്ന സർക്കാർ ഉത്തരവ് അനുസരിച്ച് **എ** വിഭാഗത്തിലും (ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 5 ശതമാനത്തിലും താഴെയുള്ള പ്രദേശങ്ങൾ) **ബി** വിഭാഗത്തിലും (ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 5 ശതമാനത്തിനും 10 ശതമാനത്തിനും ഇടയിലുള്ള പ്രദേശങ്ങൾ) ഉൾപ്പെടുന്ന നമ്മുടെ ശാഖകൾ/ ഓഫീസുകൾ 100 ശതമാനം ജീവനക്കാരോടുകൂടി പ്രവർത്തിക്കേണ്ടതാണ്. **സി** വിഭാഗത്തിൽപ്പെടുന്ന പ്രദേശങ്ങളിൽ (ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 10 ശതമാനത്തിനും 15 ശതമാനത്തിനും ഇടയിലുള്ളവ) പ്രവർത്തിക്കുന്ന നമ്മുടെ ശാഖകൾ/ഓഫീസുകൾ 50% ജീവനക്കാരെവെച്ചാണ് ഇനി പ്രവർത്തിക്കേണ്ടത്. **ഡി** വിഭാഗത്തിൽപ്പെടുന്ന ( ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 15 ശതമാനത്തിലും അധികമുള്ള പ്രദേശങ്ങൾ) ശാഖകൾ/ഓഫീസുകൾ അതാത് സ്ഥലങ്ങളിൽ നിലവിലുള്ള നിയന്ത്രണങ്ങൾക്കനുസരിച്ചാണ് പ്രവർത്തിക്കേണ്ടത്. സൂചന (2) പ്രകാരമുള്ള സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള മറ്റ് കാര്യങ്ങൾ ഇപ്പോഴും ബാധകമാണ്.

ഇനി മുതൽ അതാത് പ്രദേശങ്ങളിൽ മാറിവരുന്ന സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള നിയന്ത്രണങ്ങൾക്ക് വിധേയമായി നമ്മുടെ ഓഫീസുകളും പ്രവർത്തി ക്കേണ്ടതാണ്.

സായാഹ്നശാഖകളുടെ പ്രവർത്തനസമയം ഉച്ചയ്ക്ക് 12.30 മുതൽ വൈകീട്ട് 6.30 വരെ തന്നെയായി തുടരേണ്ടതാണ്.

**കെ.എസ്.എഫ്.ഇ യ്ക്കു വേണ്ടി**

**സുബ്രഹ്മണ്യൻ. വി.പി**
**മാനേജിംഗ് ഡയറക്ടർ**

To : എല്ലാ ശാഖ തലവന്മാർക്കും

പകർപ്പ് : 1. എല്ലാ മേഖല ഓഫീസ് മേധാവികൾക്കും
2. എല്ലാ എസ്.ഡി.ടി മേധാവികൾക്കും
3. എല്ലാ ഐ.എ.ഡി മേധാവികൾക്കും
4. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
5. എം.ഡിയുടെ പി.എ